ക്ഷിക്കുന്ന നടപടിയുമായി ഗവൺമെൻറ് മുന്നോട്ട് പോകുകയാണ്. അതുകൊണ്ട് ഈ ആക്ടിൽ ഭേഗതികൊം വരുത്തി സ്വകാര്യ വിദ്യാഭ്യാസ കച്ചവടക്കാരെ നിയന്ത്രിക്കണമെന്ന ഭേഗതിയാണ് ഞാൻ അവതരിപ്പിച്ചിരിക്കുന്നത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർക്ക് അടുത്ത ദിവസം തുടരാവുന്നതാണ്.

(7) 1985—ലെ റൂബി റബ്ബർ വർക്ക്സ് (പ്രൈവറ്റ്) ലിമിറ്റഡ് (സ്ഥാപനങ്ങൊം ഏറ്റെടുക്കൽ ബിൽ)

ശ്രീ. കെ.സി. ജോസഫ്: സർ, ബഹുമാനപ്പെട്ട അങ്ങ് സ്പീക്കറായതിനുശേഷം ഈ സഭയിലെ സ്വകാര്യാംഗങ്ങളുടെ അവകാശങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടി നിരവധി നടപടികൊം നടത്തുകയുണ്ടായി. ആ നടപടികളുടെ സ്പിരിറ്റ് മനസ്സിലാക്കാൻപോലും ഗവൺമെൻറ് തയ്യാറാകുന്നില്ല.

മി. സ്പീക്കർ: അങ്ങേക്ക് ബിൽ അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. കെ.സി. ജോസഫ്: സർ, 1985—ലെ റൂബി റബ്ബർ വർക്സ് (പ്രൈവറ്റ്) ലിമിറ്റഡ് (സ്ഥാപനങ്ങൊം ഏറ്റെടുക്കൽ) ബില്ലിന് അവതരണാനുമതി നൽകണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസവകുപ്പു മന്ത്രി (ശ്രീ. ടി.എം. ജേക്കബ്): സർ, പ്രമേയത്തെ ഞാൻ എതിർക്കുന്നു.

ശ്രീ. കെ.സി. ജോസഫ്: സഭയിലെ സ്വകാര്യാംഗങ്ങൊംക്ക് കൂടുതൽ അവകാശങ്ങൊം ഉണ്ടാക്കാനും അവർക്ക് അവസരങ്ങൊം നൽകാനും വേണ്ടിയുള്ള നടപടികൊം ശിൽപ്പശാലയ്ക്ക് അനുബന്ധമായി നമ്മൊം സ്വീകരിക്കുകയുണ്ടായിട്ടുണ്ട്. എന്നാൽ ഗവൺമെൻറ് ആ വികാരങ്ങൊം ഉൾക്കൊള്ളാൻ തയ്യാറാകുന്നില്ല. വളരെ ബുദ്ധിപ്പെട്ട് ഒരു സ്വകാര്യാംഗം ബിൽ അവതരിപ്പിച്ചാൽ.....

ശ്രീ. എം. എം. ഹസ്സൻ: ഗവൺമെൻറ് കൊണ്ടുവരുന്ന എല്ലാ നല്ലകാര്യങ്ങളേയും എതിർക്കുക എന്ന പ്രതിപക്ഷത്തിൻെറ സമീപനം പോലെ മെമ്പർമാർകൊണ്ടുവരുന്ന എല്ലാ ബില്ലുകളേയും എതിർക്കുക എന്ന സമീപനം ഗവൺമെൻറ് സ്വീകരിക്കുന്നതു ശരിയാണോ?

ശ്രീ. ടി.എം. ജേക്കബ്: അങ്ങനെ ഒരു സമീപനം ഗവൺമെൻറിനില്ല. ആവശ്യമുള്ള കാര്യങ്ങൊം അംഗീകരിക്കും ആവശ്യമില്ലാത്തതാണെങ്കിൽ അതിനെ എതിർത്തുകൊണ്ട് അതിൻെറ ബുദ്ധിമുട്ടുകൊം വിശദീകരിക്കും. (ബഹളം)

ശ്രീ. പി.സി. ജോർജ്: അതു ശരിയല്ല. ഞങ്ങൊം എന്തു ബിൽ കൊണ്ടുവന്നാലും അതിനെ എതിർക്കും. അതിൽ സങ്കടമുണ്ട് സർ.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: കഴിയുന്നതും മെമ്പർമാർക്ക് ബില്ലുകൾ കൊണ്ടു വരാൻ അവസരം നൽകാൻ വേണ്ടിയാണ് ശ്രമിക്കുന്നത്. അതിനുവേണ്ടി യാണ് ബിൽ live ചെയ്തു നിറുത്തുന്നത്.

ശ്രീ. പി. സി. ജോർജ്: ഏതു ബിൽ കൊണ്ടുവന്നാലും അതിനെ കശാപ്പുചെയ്യുകയാണ് ചെയ്യുന്നത്.

മി. സ്പീക്കർ: ചെയറിന്റെ പരിധി എന്നുള്ളത് ലൈവ് ചെയ്തു നിറുത്തുകയെന്നുള്ളതാണ്. ആ കർമ്മം നടത്തിക്കൊണ്ട് നിൽക്കുകയാണ്.

ശ്രീ. എം.എം. ഹസ്സൻ: ബില്ലിന് ജീവൻ കൊടുക്കാൻ ആഗ്രഹി ക്കുന്നില്ല അവയെ കശാപ്പ് ചെയ്യാനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്.

ശ്രീ. ടി.എം. ജേക്കബ്: ഗവൺമെന്റിന് അങ്ങനെ ഒരു സമീപ നവും ഇല്ല. നല്ല കാര്യങ്ങൾ മെമ്പർമാർ ചൂണ്ടിക്കാണിച്ചത് ഉൾക്കൊള്ളും. ബുദ്ധിമുട്ടുള്ളവ ഉണ്ടെങ്കിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് അതു വിശ ദീകരിക്കണം—അതുകൊണ്ടാണ്. ഇപ്പോൾ ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച ബിൽ നടപ്പാക്കാൻ ബുദ്ധിമുട്ടുണ്ട്. അതേക്കുറിച്ച് പിന്നീട് വിശദീകരിക്കാം.

ശ്രീ. പി. സി. ജോർജ് : സഹകരണ ബിൽ ഞാൻ അവതരിപ്പി ക്കുന്ന മൂന്നാമത്തെ ബില്ലാണ്. ഞാൻ ലാൻറ് റീഫോംസിന് ഒരു അമെൻറ്മെൻറ് കൊണ്ടുവന്നു. അന്ന് ഈ നിയമസഭയിൽ ഗവൺമെൻറ് തന്ന ഉറപ്പ് എന്താണെന്നു വച്ചാൽ ഉടൻതന്നെ സമഗ്രമായ മാറ്റം നിയമത്തിൽ വരുത്താൻ പോകുന്നതുകൊണ്ട് ഈ ബിൽ പിൻവലിക്കണമെന്നാണ്. ഐക്യജനാധിപത്യ മുന്നണി ഗവൺമെൻറ് പറഞ്ഞതുകൊണ്ട് ഞാൻ അന്നതു പിൻവലിച്ചു. ഇതുവരെ സമഗ്രമായ മാറ്റം വരുത്തി നിയമം കൊണ്ടുവന്നിട്ടില്ല. ഇതു ശരിയാണോ സർ?

മി. സ്പീക്കർ: ഇതെല്ലാം ഗവൺമെൻറിന്റെ മഹാമനസ്കത തയ്ക്കു വിടുകയല്ലാതെ മറ്റു മാർഗ്ഗമില്ല.

ശ്രീ. പി. സി. ജോർജ് : സ്വൽപ്പംകൂടി മഹാമനസ്കത ഗവൺ മെൻറ് കാണിക്കണമെന്ന് അങ്ങ് പറയണം.

ശ്രീ. കെ.സി. ജോസഫ്: ബഹുമാനപ്പെട്ട ഹസ്സനും ജോർജും പറഞ്ഞത്, ഈ സഭയുടെ മുഴുവൻ വികാരമാണ്. സർ, വളരെ ബദ്ധപ്പെട്ട് സഹകാര്യ മെമ്പർമാർ ബിൽ അവതരിപ്പിച്ചാൽ അതു വായിച്ചു നോക്കി അതിന്റെ ഇൻറൻഷൻ മനസ്സിലാക്കാതെ എതിർക്കു ന്നതു ശരിയല്ല. മേലിലെങ്കിലും അത്തരം നടപടികൾ സ്വീകരിക്കാൻ പാടില്ലെന്നാണ് എനിക്കു പറയാനുള്ളത്.

ശ്രീ. ടി.എം. ജേക്കബ്: ആ പരാമർശത്തോട് യോജിക്കുവാൻ പറ്റില്ല. വായിച്ചു നോക്കിയിട്ടാണ് എതിർക്കുന്നത്.

മി. സ്പീക്കർ: ബിൽ വായിച്ചു നോക്കിയിട്ടാണ് എതിർക്കുന്നത്.

ശ്രീ. കെ.സി. ജോസഫ്: 1970_മുതൽ പ്രവർത്തിക്കുന്ന ചങ്ങനാശ്ശേരി റൂബി റബ്ബർ വർക്ക്സ് കഴിഞ്ഞ എട്ടുമാസക്കാലമായി ലോക്ക്

LIBRARY ARCHIVES Kerala Legislative Assembly

ട്ടിൽ ആണ്. ആ സ്ഥാപനം നടത്തുന്നത് ഇൻഡ്യാ ഗവൺമെൻറിനു നിയന്ത്രണമുള്ള ഇൻഡസ്ട്രീയൽ റീ കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഓഫ് ഇൻഡ്യയും കാനറാ ബാങ്കും ചേർന്നാണ്. എട്ടുമാസക്കാല മായി ഫാക്ടറി ലോക്കൗട്ട് ചെയ്തുകൊണ്ട് തൊഴിലാളികളെ പീഡിപ്പിക്കുന്ന നയം സ്വീകരിച്ചിരിക്കുകയാണ്. 1970 മുതൽ പ്രവർത്തിക്കുന്ന വലിയ ഒരു സ്ഥാപനമാണ് ഇത്. ലോക്കൗട്ട് ഉണ്ടായ ശേഷം ഗവൺമെൻറ് കോൺഫറൻസ് വിളിച്ചുകൂട്ടി. പക്ഷേ ആ കോൺ ഫറൻസിൽ സംബന്ധിക്കാൻപോലും മാനേജ്മെൻറ് തയ്യാറായിക്കാണുന്നില്ല. ഇൻഡ്യാ ഗവൺമെൻറിനു നിയന്ത്രണമുള്ള ഒരു സ്ഥാപനംപോലും തൊഴിലാളികളുടെ കാര്യത്തിൽ ഇത്തരത്തിൽ ഒരു സമീപനം സ്വീകരിച്ചത് ആക്ഷേപാർഹമാണ്. ആ സ്ഥാപനം മിസ് മാനേജ്മെൻറ് മൂലമാണ് തകർന്നത്. ആറു വർഷക്കാലമായി ഐ.ആർ.സി.ഐ.ക്കുവേണ്ടി പ്രവർത്തിക്കുന്ന മാനേജർമാരുടെ തെറ്റായ നടപടികൊണ്ടുമൂലം ആ സ്ഥാപനം ഇന്നു രണ്ടുകോടി രൂപയുടെ നഷ്ടത്തിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. ഈ തരത്തിൽ കേരളത്തിലെ പ്രധാനപ്പെട്ട ഒരു വ്യവസായ സ്ഥാപനം ലോക്കൗട്ടിലായി എട്ടു മാസമായിട്ടും ആ സ്ഥാപനം പുനരുദ്ധരിക്കുവാൻ തയ്യാറാകുന്നില്ല. ഇപ്പോഴത്തന്നെ ഐ.ആർ.സി.ഐ. ഈ ഫാക്ടറിയെ കൈയൊഴിഞ്ഞ് നാനൂറോളം തൊഴിലാളികളെ വഴിയാധാരമാക്കിക്കൊണ്ട് സ്വകാര്യ മാനേജ്മെൻറിനു അത് കൈമാറാനുള്ള ആലോചനയിലാണ്. ഇതു വളരെ ആക്ഷേപാർഹമായ ഒരു കാര്യമാണ്. സംസ്ഥാന ഗവൺമെൻറ് ഈ കാര്യത്തിൽ ഇടപെടണമെന്നാണ് എൻറെ അഭ്യർത്ഥന. കേരളത്തിലെ തൊഴിലാളികളുടെ താല്പര്യങ്ങൾ സംരക്ഷിക്കുവാൻ കഴിഞ്ഞ എട്ടു മാസക്കാലമായി തുടർന്നുവരുന്ന ലോക്കൗട്ട് അവസാനിപ്പിക്കാൻ തയ്യാറാകണം. ആ സ്ഥാപനം ഏറ്റെടുത്തു നടത്താൻ ഗവൺമെൻറ് തയ്യാറാകണമെന്നുള്ളത് ന്യായമായ ഒരാവശ്യമാണ്.

പലപ്രാവശ്യം കോൺഫറൻസ് വിളിച്ചുകൂട്ടി. പക്ഷേ ഐ.ആർ.സി.ഐ. സഹകരിക്കുന്നില്ല. ഏറ്റവും അവസാനമായി കോൺഫറൻസിൽ പറഞ്ഞത് ഈ സ്ഥാപനം ഇനി നടത്തിക്കൊണ്ടുപോകാൻ സാദ്ധ്യമല്ല എന്നാണ്. അതു പൂർണ്ണമായി ലിക്വിഡേറ്റ് ചെയ്ത് ആ സ്ഥാപനത്തെ വഴിയാധാരമാക്കാൻ ഐ.ആർ.സി.ഐ. ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർക്ക് അടുത്ത ദിവസം തുടരാം.

VII. പ്രമേയങ്ങൾ

(1) കേരളത്തിലെ മലയോരകൃഷിക്കാരിൽ അർഹരായവർക്ക് പട്ടയം കൊടുക്കൽ

ശ്രീ.എ.കെ.പത്മനാഭൻ: സർ, ''കേരളത്തിലെ മലയോര കൃഷിക്കാരിൽ അർഹരായവർക്ക് പട്ടയം നൽകുന്നതിനുള്ള അടിയന്തിരനടപടി സ്വീകരിക്കണമെന്ന് ഈ സഭ ഗവൺമെൻറിനോട് ആവശ്യപ്പെടുന്നു'' എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സർ, നമ്മുടെ മലയോരപ്രദേശങ്ങളിൽ പത്തും മുപ്പതും വർഷക്കാലമായി കരിംപാറകളോടും കാട്ടുമൃഗങ്ങളോടും മല്ലടിച്ചുകൊണ്ട് ആയിരക്കണക്കിനു കൃഷിക്കാർ ദേഹണ്ഡങ്ങൾ ഉണ്ടാക്കി ജീവിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly